**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **02-02-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ കുറുമാലിപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മാണത്തിനുമായി സമർപ്പിച്ച പ്രൊപ്പോസലിന്മേൽ അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിന് മാത്രം അനുമതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനോടൊപ്പം റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനും ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ പുനർനിർമ്മാണത്തിനായി DSR 2018 പ്രകാരം 13.90 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിരുന്നു. എന്നാൽ ഇതിൽ അപ്രോച്ച് റോഡിന് മാത്രമായുള്ള 1.22 കോടി രൂപയുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>പദ്ധതിയുടെ DSR 2021 അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് തുക 15.60 കോടി രൂപയാണ്. ഇതിൽ അപ്രോച്ച് റോഡിന്റെ തുക കഴിച്ച് ബാക്കിയുള്ള 14.38 കോടി രൂപയുടെ പ്രവൃത്തികൾ Phase-II ആയി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിക്കായി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ച് വരികയാണ്. |
| (ബി) | ആയതിനുള്ള നടപടികൾ എത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | ആറ്റപ്പിള്ളി റെഗുലേറ്ററിന്റെ പുനർനിർമ്മാണത്തിനായി DSR 2018 പ്രകാരം 13.90 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിരുന്നു. എന്നാൽ ഇതിൽ അപ്രോച്ച് റോഡിന് മാത്രമായുള്ള 1.22 കോടി രൂപയുടെ പ്രവൃത്തിക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>പദ്ധതിയുടെ DSR 2021 അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് തുക 15.60 കോടി രൂപയാണ്. ഇതിൽ അപ്രോച്ച് റോഡിന്റെ തുക കഴിച്ച് ബാക്കിയുള്ള 14.38 കോടി രൂപയുടെ പ്രവൃത്തികൾ Phase-II ആയി നടപ്പിലാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ഭരണാനുമതിക്കായി പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ